روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

അബൂബക്കർ സിദ്ധീഖ് (റ)

23/09/2022

بسم الله الرحمن الرحيم

- ഇമാം മസ്‌റൂഖിൽ നിന്നും ഉദ്ദരിക്കപ്പെടുന്നു.

عن مسروق قَالَ : حُبُّ أَبِي بَكْرٍ وَعُمَرَ وَمَعْرِفَةُ فَضْلِهِمَا مِنَ السُّنَّةِ.

- സലഫുകളിൽ ചിലർ പറഞ്ഞു;

قال بعض السلف: حُبُّ أَبِي بَكْرٍ وَعُمَرَ إِيمَانٌ، وَبُغْضُهُمَا كُفْرٌ

- ഇബ്നുൽ ജൌസി (റഹി) പറഞ്ഞു:

كَانَ السَّلَفُ يُعَلِّمُونَ أَوْلَادَهُمْ حُبَّ أَبِي بَكْرٍ وَعُمَرَ كَمَا يُعَلِّمُونَ السُّورَةَ مِنَ الْقُرْآنِ (ذكره ابن الجوزي في فضائل عمر)

ഇസ്ലാമിക ചരിത്രത്തിന്റെ തങ്കലിപികളിൽ പേരെഴുതപ്പെട്ടവരിൽ പ്രധാനിയാണ് മഹാനായ സ്വഹാബി അബൂബക്കർ (റ).

**ആരാണ് അബൂബക്കർ (റ)?**

**പുരുഷന്മാരിൽ ഒന്നാമതായി ഇസ്ലാം സ്വീകരിച്ചത്.**

فَقَالَ لَهُ: مِنْ أَيْنَ أَنْتَ؟ قَالَ: مِنْ مَكَّةَ، قَالَ: مِنْ أَيِّهَا؟ قَالَ مِنْ قُرَيْشٍ، قَالَ: فَإِيشٍ أَنْتَ؟ قَالَ :تَاجِرٌ، قَالَ :إِنْ صَدَّقَ اللَّهُ رُؤْيَاكَ فَإِنَّهُ سَيَبْعَثُ نَبِيًّا مِنْ قَوْمِكَ تَكُونُ وَزِيرَهُ فِي حَيَاتِهِ وَخَلِيفَتَهُ بَعْدَ مَوْتِهِ، فَأَسَرَّ

യഥാർത്ഥ നാമം : അബ്ദുള്ള
പിതാവ് : ഉസ്മാൻ (അബൂ കുഹാഫ)
മാതാവ് : സൽമ (ഉമ്മുൽ ഖൈർ)
അദ്ദേഹത്തിന്റെ വിളിപ്പേര് : അബൂബക്കർ
സ്ഥാനപ്പേര് : സിദ്ധീഖ്
പ്രവാചക ജനനത്തിന് ശേഷം രണ്ടു വർഷവും ആറു മാസവും കഴിഞ്ഞ് ജനിച്ചു.

**അദ്ദേഹത്തിന്റെ ശരീര പ്രകൃതം**

كَانَ رَضِيَ اللهُ عنه أَبْيَضَ، نَحِيفًا، خَفِيفَ الْعَارِضَيْنِ لاَ يَسْتَمْسِكُ إِزَارُهُ عَلَى حِقْوَيْهِ؛ لِشِدَّةِ نَحَافَتِهِ، قَلِيلَ لَحْمِ الْوَجْهِ، غَائِرَ الْعَيْنَيْنِ، نَاتِئَ الْجَبْهَةِ

മെലിഞ്ഞ ശരീരം- നീണ്ട മൂക്ക്, ഉള്ളിലേക്ക് താഴ്ന്ന പോയ കണ്ണുകൾ, നരച്ച താടി, മൈലഞ്ചി കൊണ്ട് ചുവപ്പിക്കും. മെലിഞ്ഞ തുടയായിരുന്നു. അരയിൽ തുണി നിൽക്കുമായിരുന്നില്ല. ഇതായിരുന്നു അദ്ദേഹത്തിന്റെ ശരീര പ്രകൃതം.

**ഒരുപാട് മഹത്തമുള്ള സ്വഹാബിയായിരുന്നു :-**

### 1. നബി (സ) ക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്വഹാബി.

أَيُّ النَّاسِ أَحَبُّ إِلَيْكَ؟ قَالَ : عَائِشَةُ ، فَقُلْتُ: مِنَ الرِّجَالِ، فَقَالَ : أَبُوهَا ، قُلْتُ : ثُمَّ مَنْ ؟ قَالَ: ثُمَّ عُمَرُ بْنُ الْخَطَّابِ. (البخاري)

ഒരിക്കൽ അംറ്ബ്നു ആസ് (റ) നബിയോട് ചോദിച്ചു: നബിയെ ജനങ്ങളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടം ആരെയാണ്? നബി (സ) : ആയിഷ. പുരുഷന്മാരിൽ ആരെയാണ്? ആയിഷയുടെ പിതാവ് അബൂബക്കർ പിന്നെ ആരെയാണ് ഉമർ (റ).

### 2. ഖുർആൻ صاحب എന്ന് വിളിച്ച വ്യക്തി.

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ اللَّهُ إِذْ أَخْرَجَهُ الَّذِينَ كَفَرُوا ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ لَا تَحْزَنْ إِنَّ اللَّهَ مَعَنَا ۖ فَأَنزَلَ اللَّهُ سَكِينَتَهُ عَلَيْهِ وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ الَّذِينَ كَفَرُوا السُّفْلَىٰ ۗ وَكَلِمَةُ اللَّهِ هِيَ الْعُلْيَا ۗ وَاللَّهُ عَزِيزٌ حَكِيمٌ ﴿التوبة: ٤٠﴾

### 3. സത്യസന്ധൻ

هَذَا صَاحِبُكَ يَزْعُمُ أَنَّهُ قَدْ أُسْرِيَ بِهِ اللَّيْلَةَ إِلَى بَيْتِ الْمَقْدِسِ ثُمَّ رَجَعَ مِنْ لَيْلَتِهِ فَقَالَ أَبُو بَكْرٍ: أَوَ قَالَ ذَلِكَ؟ قَالُوا: نَعَمْ فَقَالَ أَبُو بَكْرٍ: فَإِنِّي أَشْهَدُ إِنْ كَانَ قَالَ ذَلِكَ لَقَدْ صَدَقَ فَقَالُوا: أَتُصَدِّقُهُ بِأَنَّهُ جَاءَ الشَّامَ فِي لَيْلَةٍ وَاحِدَةٍ وَرَجَعَ قَبْلَ أَنْ يُصْبِحَ؟ قَالَ أَبُو بَكْرٍ: نَعَمْ إِنِّي أُصَدِّقُهُ بِأَبْعَدَ مِنْ ذَلِكَ أُصَدِّقُهُ بِخَبَرِ السَّمَاءِ بُكْرَةً وَعَشِيًّا فَلِذَلِكَ سُمِّيَ أَبُو بَكْرٍ بِالصِّدِّيقِ

മക്കയിലെ മസ്ജിദുൽ ഹറമിൽ നിന്ന് ഫലസ്തീനിലെ മസ്ജിദുൽ അഖ്സയിലേക്ക് പോവുകയും അവിടെനിന്ന് ഏഴ് ആകാശത്തിനപ്പുറത്തേക്കും പോയ ഇസ്റാഅ് മിഅറാജ് യാത്രയെ കുറിച്ച് പറഞ്ഞപ്പോൾ യാതൊരു സംശയവും കൂടാതെ സത്യപ്പെടുത്തിയതിനാൽ നബി (സ) അദ്ദേഹത്തിന് നൽകിയ നാമമാണ് സിദ്ധീഖ്.

### 4. ഒരു നല്ല പ്രബോധകനായിരുന്നു.

സ്വർഗ്ഗം കൊണ്ട് സന്തോഷ വാർത്ത അറിയിച്ച പത്ത് പേരിൽ ആറ് പേരും ഇസ്ലാം സ്വീകരിച്ചത് അബൂബക്കർ (റ) ന്റെ പ്രബോധന പ്രവർത്തനത്തിലൂടെ.

| | | |
|---|---|---|
| عثمان بن عفان | عبد الرحمن بن عوف | الزبير بن العوام |

| | | |
|---|---|---|
| سعد بن أبي وقاص | طليحة بن عبيد الله | ابو عبيدة بن الجراح |

**5. ധാരാളം അടിമകളെ മോചിപ്പിച്ചു.**

അതിൽ പ്രധാനികൾ :

| | |
|---|---|
| بلال بن رباح | عامر بن فهيرة |

**6. നന്മയിൽ മുന്നേറിയ സ്വഹാബി.**

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَنْ أَصْبَحَ مِنْكُمُ الْيَوْمَ صَائِمًا ؟ " قَالَ أَبُو بَكْرٍ : أَنَا. قَالَ : " فَمَنْ تَبِعَ مِنْكُمُ الْيَوْمَ جَنَازَةً ؟ قَالَ أَبُو بَكْرٍ : أَنَا. قَالَ : " فَمَنْ أَطْعَمَ مِنْكُمُ الْيَوْمَ مِسْكِينًا ؟ " قَالَ أَبُو بَكْرٍ : أَنَا. قَالَ : " فَمَنْ عَادَ مِنْكُمُ الْيَوْمَ مَرِيضًا ؟ " قَالَ أَبُو بَكْرٍ : أَنَا. فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " مَا اجْتَمَعْنَ فِي امْرِئٍ إِلَّا دَخَلَ الْجَنَّةَ (مسلم)

അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു : നബി (സ) പറഞ്ഞു: ഇന്ന് നിങ്ങളുടെ കൂട്ടത്തിൽ നോമ്പ് നോറ്റത് ആരാണ്? അബൂബക്കർ (റ) പറഞ്ഞു: ഞാൻ. ഇന്ന് നിങ്ങളുടെ കൂട്ടത്തിൽ മയ്യത്തിനെ പിന്തുടർന്നത് ആരാണ്? അബൂബക്കർ (റ) പറഞ്ഞു: ഞാൻ. ഇന്ന് നിങ്ങളുടെ കൂട്ടത്തിൽ ഒരു പാവപ്പെട്ടവന് ഭക്ഷണം കൊടുത്തത് ആരാണ് ? അബൂബക്കർ (റ) പറഞ്ഞു: ഞാൻ . ഇന്ന് നിങ്ങളുടെ കൂട്ടത്തിൽ ഒരു രോഗിയെ സന്ദർശിച്ചതാരാണ്? അബൂബക്കർ (റ) പറഞ്ഞു: ഞാൻ. നബി (സ) പറഞ്ഞു: ഇതെല്ലാം ഒരാളിൽ ഒരുമിച്ചു കൂടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കില്ല. (മുസ്ലിം)

**7. നബി (സ) ജീവിച്ചിരിക്കുന്ന കാലത്ത് തന്നെ നേതൃത്വം ഏൽപ്പിച്ച വ്യക്തി.**

مُرُوا أَبَا بَكْرٍ فَلْيُصَلِّ بِالنَّاسِ (البخاري)

പിൽക്കാലത്ത് അബൂബക്കർ (റ) വിനെ ഖലീഫയാക്കാൻ സഹാബികൾ തെളിവ് പിടിച്ചത് ഈ സംഭവമായിരുന്നു.

**8. സമ്പത്തുകൊണ്ടും ശരീരം കൊണ്ടും ഇസ്ലാമിനെ സഹായിച്ച സഹാബി.**

തബൂക്ക് യുദ്ധസമയം വീട്ടിലുള്ളതെല്ലാം നൽകിയ സ്വഹാബി.

مَا نَفَعَنِي مَالٌ قَطُّ مَا نَفَعَنِي مَالُ أَبِي بَكْرٍ (إبن ماجه)

നബി (സ) പറഞ്ഞു: അബൂബക്കർ (റ) ന്റെ സമ്പത്ത് ഉപകാരപ്പെട്ടത് പോലെ മറ്റൊരാളുടെയും സമ്പത്ത് ഉപകാരപ്പെട്ടിട്ടില്ല.

- ഈ ആയത്ത് അബൂബക്കർ (റ) വിനെക്കുറിച്ചാണ്.

وَسَيُجَنَّبُهَا الْأَتْقَى (١٧) الَّذِي يُؤْتِي مَالَهُ يَتَزَكَّى (١٨) وَمَا لِأَحَدٍ عِنْدَهُ مِنْ نِعْمَةٍ تُجْزَى (١٩) إِلَّا ابْتِغَاءَ وَجْهِ رَبِّهِ الْأَعْلَى (٢٠)

**9. സ്വർഗത്തിന്റെ എട്ടു കവാടങ്ങളും മാടി വിളിക്കുന്ന വ്യക്തി.**

**10. എല്ലാ യുദ്ധങ്ങളിലും പങ്കെടുത്ത വ്യക്തി.**

### ❖ മരണം

ഹിജ്റ പതിമൂന്നിന് അറുപത്തി മൂന്നാമത്തെ വയസ്സിൽ മദീനയിൽ വെച്ച് മരണപ്പെട്ടു.

### ❖ രോഗം കഠിനമായപ്പോൾ

ولما اشتد به المرض قيل له: ألا تدعو لك الطبيب؟ فقال: "قد رآني فقال: إني فعال لما أريد

മരിക്കുന്നതിന് പതിനഞ്ച് ദിവസം മുമ്പ് രോഗം ബാധിച്ചു. സ്വഹാബികൾ ഡോക്ടറെ വിളിക്കാം എന്ന് പറഞ്ഞു.

അടുത്ത ഖലീഫ ആരായിരിക്കണം എന്ന് സ്വഹാബികളോട് കൂടി ആലോചന നടത്തി.

- **അബ്ദുറഹ്മാനുബ്നു ഔഫ് (റ) വിനെ വിളിച്ചു വരുത്തി.**
- എന്താണ് ഉമർ (റ) വിനെ ക്കുറിച്ച് നിങ്ങളുടെ അഭിപ്രായം? അദ്ദേഹം പറഞ്ഞു: വലിയ ശ്രേഷ്ഠതയുള്ള വ്യക്തിയാണ് പക്ഷെ അൽപം കാർക്കശ്യം അദ്ദേഹത്തിനുണ്ട്. അബൂബക്കർ (റ) പറഞ്ഞു; അത് ഞാനും നബിയും ഉള്ളപ്പോൾ മാത്രമാണ്.
- **ഉസ്മാൻ (റ) വിനെ വിളിച്ചു.**

എന്താണ് ഉമർ (റ) വിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം. ഉമർ അല്ലെങ്കിൽ നിങ്ങളായിരിക്കും എന്റെ പിൻഗാമി.

- **പലരുമായും ചർച്ച നടത്തി.**

ഒടുവിൽ അദ്ദേഹം ഉസ്മാൻ (റ) വിനെ കൊണ്ട് ഉമർ (റ) വാണ് അടുത്ത ഖലീഫ എന്ന വസ്വിയത്ത് എഴുതിച്ചു.

വസ്വിയത്ത് എഴുതുമ്പോൾ ബോധം നഷ്ടപ്പെട്ടു. ഉസ്മാൻ (റ) അവിടെ അടുത്ത ഖലീഫ ഉമർ (റ) എന്ന് എഴുതി ചേർത്തു.

ബോധം വന്നപ്പോൾ എന്താണ് എഴുതിയത് എന്ന് ചോദിച്ചു. വായിച്ചു കൊടുത്തപ്പോൾ ഞാൻ ആഗ്രഹിച്ചത് തന്നെയാണ് താങ്കൾ എഴുതിയത് എന്ന് അദ്ദേഹം പറഞ്ഞു:

ഉമർ (റ) വിനെ വിളിച്ചു കാര്യം പറഞ്ഞു അദ്ദേഹം അംഗീകരിച്ചില്ല. ഇത് എന്റെ കൽപ്പനയാണ് എന്ന് അദ്ദേഹം പ്രതികരിച്ചു.

ഒടുവിൽ അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു.

- **തെറ്റാത്ത മൂന്ന് നിരീക്ഷണങ്ങൾ**
- അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറഞ്ഞത് നിരീക്ഷണങ്ങളിൽ മൂന്ന് കാര്യ ങ്ങളാണ് തെറ്റാത്തത്

1. **മൂസാ നബി (അ) യെക്കുറിച്ച് ശുഐബ് നബി (അ) മകൾ പറഞ്ഞത്**

قَالَتْ إِحْدَاهُمَا يَا أَبَتِ اسْتَأْجِرْهُ إِنَّ خَيْرَ مَنِ اسْتَأْجَرْتَ الْقَوِيُّ الْأَمِينُ

2. **യൂസുഫ് നബി (അ) യെക്കുറിച്ച് അന്ന് ഭരണം നടത്തിയ വ്യക്തി പറഞ്ഞത്.**

وَقَالَ الَّذِي اشْتَرَاهُ مِنْ مِصْرَ لِامْرَأَتِهِ أَكْرِمِي مَثْوَاهُ عَسَى أَنْ يَنْفَعَنَا أَوْ نَتَّخِذَهُ وَلَدًا

3. **അബൂബക്കർ (റ) ഉമർ (റ) വിനെ ഖിലാഫത്ത് ഏൽപ്പിച്ചത്.**

- **ഉമർ (റ) വിന് അദ്ദേഹം ചില ഉപദേശങ്ങൾ നൽകുന്നുണ്ട്.**

ആയിശ (റ) വന്ന കൊണ്ട് മരണവുമായി ബന്ധപ്പെട്ട കവിത ചൊല്ലിയപ്പോൾ അദ്ദേഹം പറഞ്ഞു

يا أم المؤمنين، ولكن قول الله أصدق: وَجَاءَتْ سَكْرَةُ الْمَوْتِ بِالْحَقِّ ذَلِكَ مَا كُنتَ مِنْهُ تَحِيدُ (ق: ١٩)

- ആയിശ (റ) വിന് നൽകിയ തോട്ടം അനന്തരാവകാശത്തിലേക്ക് നീക്കി വെക്കാൻ ആവശ്യപ്പെട്ടു.
- ഭാര്യാ അസ്മാഅ് (റ) വിനോട് മയ്യിത്ത് കുളിപ്പിക്കാൻ വസ്വിയത്ത് ചെയ്തു. അവർ തന്നെയാണ് കുളിപ്പിച്ചത്. സഹായി കൂടാൻ പറഞ്ഞത് അബ്ദുറഹ്മാൻ എന്ന മകനോട്.
- മരണ സമയത്ത് എന്നെ മുസ്ലിമായി മരിപ്പിക്കണെ എന്ന് പ്രാർത്ഥിക്കുകയായിരുന്നു.

تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِالصَّالِحِينَ

- ഇത് ഏതു ദിവസമാണ്. തിങ്കളാഴ്ച്ചയാണ് എന്ന് അറിയിച്ചു.

- അദ്ദേഹം പറഞ്ഞു നബി (സ്വ) മരണപ്പെട്ടത് തിങ്കളാഴ്ച്ചയാണ്. ഞാൻ മരണപ്പെട്ടാൽ എന്നെ നിങ്ങൾ എത്രയും പെട്ടന്ന് മറമാടുക.
- അങ്ങനെ തിങ്കളാഴ്ച്ച അദ്ദേഹം മരണപ്പെട്ടു.
- നബി (സ്വ) യുടെ കബറിന് സമീപത്ത് അദ്ദേഹത്തെ മറമാടി.

---

- ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+൯൧൧൬൦൨൭൨൨൮൦) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്ത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്ത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.